⇨ 5 ഹെക്ടറിനു മുകളിലുള്ള എല്ലാ പദ്ധതികൾക്കും ഇ.സി. നിർബന്ധമാക്കിയിരുന്നു ⇨

**പ്രകൃതി** വിഭവങ്ങൾ കൊള്ളയടിക്കുന്ന ഖനനലോബിയ്ക്ക് ഒത്താശചെയ്യുന്ന നടപടികളാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ. അടുത്തിടയായി സ്വീകരിച്ചു വരുന്നത്. ഇതിനുദാഹരണമാണ് ഖനനത്തിന് ഇ.സി. (Environmental clearence) വേണമെന്ന സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും ഉത്തരവുകൾ മറികടന്ന് 2012 ഫെബ്രുവരി 26-ന് മുൻപ് പ്രവർത്തിച്ചിരുന്ന ക്വാറികൾക്ക് പെർമിറ്റ് പുതുക്കുന്നതിന് പരിസ്ഥിതി അനുമതി വേണ്ടെന്ന സംസ്ഥാന സർക്കാർ ഉത്തരവും (40(P) No. 144 / 2015 / 10 Dtd. 6/10/2015), ഖനനത്തിന് പാരസ്ഥിതി അനുമതി നൽകുന്നത് ലളിതമാക്കുന്നതിനുവേണ്ടി ജില്ലാതലത്തിൽ പരിസ്ഥിതി ആഘാത നിർണയ അതോറിറ്റികൾ രൂപീകരിക്കാൻ സംസ്ഥാനങ്ങളെ സഹായിക്കുന്ന കേന്ദ്രസർക്കാരിന്റെ കരടുവിജ്ഞാപനവും. ഈ രണ്ടു ഉത്തരവുകളും നടപ്പിലാക്കുന്നത് നമ്മുടെ നാട് അനധികൃത ഖനനം മൂലം നശിച്ച് ഇല്ലാതാകുന്നതിന് കാരണമാവും.

# നാടുമുടിഞ്ഞാലും സർക്കാർ അനധികൃത ഖനനത്തിനൊപ്പം

ആയിരക്കണക്കിന് ക്രഷർ–ക്വാറി യൂണിറ്റുകളും അനുബന്ധ വ്യവസായങ്ങളുമാണ് യാതൊരു നിയന്ത്രണവുമില്ലാതെ പശ്ചിമഘട്ടമേഖലയിലും കേരളത്തിന്റെ സമതല പ്രദേശങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ നിയമവിരുദ്ധ പ്രവർത്തനങ്ങളെ, കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഖനന നയങ്ങൾ എങ്ങനെയാണ് സഹായിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുന്നു

**ഡോ. ബിനു കെ. ദേവസ്സി**

പ്രകൃതി വിഭവങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ ചൂഷണം ചെയ്യുന്നത് ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ 2006-ൽ EIA Notification (Environment Impact Assessment Notification) പുറപ്പെടുവിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ 5 ഹെക്ടറിനു മുകളിലുള്ള എല്ലാ പദ്ധതികൾക്കും ഇ.സി. നിർബന്ധമാക്കിയിരുന്നു. എന്നാൽ നൂറുകണക്കിന് ഹെക്ടർ ഭൂമിയുള്ള കുത്തകകൾ അവരുടെ ഭൂമി 5 ഹെക്ടറിൽ താഴെയുള്ള ചെറുഘടകങ്ങളാക്കി പരിസ്ഥിതി അനുമതിയില്ലാതെ വ്യാപകമായി ഖനനം നടത്തിവന്നത് സുപ്രീംകോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും കോടതി ഈ പ്രശ്നം ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 5 ഹെക്ടറിൽ താഴെയുള്ള ഖനനപദ്ധതികൾക്കും ലിസ് വ്യവസ്ഥയിൽ ഇ.സി. നിർബന്ധമാക്കി 2012 ഫെബ്രുവരി 27-ന് വിധി പുറപ്പെടുവിച്ചു (2012 4 SCC 629). തുടർന്ന് മെയ് 2012-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പാരിസ്ഥിതിക ആഘാതപഠനം നടത്തുന്നതിനു പരിസ്ഥിതി അനുമതി നൽകുന്നതിനുമുള്ള പുതിയ വിജ്ഞാപനം ഇറക്കി. സുപ്രീംകോടതിയുടെ ഉത്തരവ് മറികടക്കുന്നതിനും ഖനന ലോബിയെ സഹായിക്കുന്നതിനും സംസ്ഥാന സർക്കാർ കണ്ടെത്തിയ മാർഗമാണ് ലീസ് ഒഴിവാക്കിയുള്ള ഹ്രസ്വകാല ക്വാറി പെർമിറ്റ് (short term permit). പ



ക്ഷെ, 12 മാസം ദൈർഘ്യമുള്ള ഹ്രസ്വകാല അനുമതി മൂന്നുപ്രാവശ്യം പുതുക്കിനൽകിയാൽ പിന്നീടത് ലീസിന്റെ പരിധിയിൽ വരുമെന്നതുകൊണ്ട് അത് മറികടക്കുന്നതിന് ഓരോ പ്രാവശ്യവും ഖനനാനുമതി പുതുക്കിനൽകുമ്പോൾ ഒരേ വ്യത്യസ്ത സർവ്വേ നമ്പരുകളിൽ നൽകുക എന്ന തന്ത്രമാണ് സർക്കാർ കൈക്കൊണ്ടത്. അതായത് ഒരു അനുമതിയുടെ മറവിൽ വ്യത്യസ്ഥ സർവ്വേ നമ്പറുകളിൽ ഖനനം നടത്താൻ അനുവദിക്കുന്നു എന്നർത്ഥം. മൈനിംങ് ആന്റ് ജിയോളജി വകുപ്പിന്റെ ക്വാറി ഉടമകളെ സഹായിക്കുന്ന ഇത്തരം നടപടികൾമൂലം ഒരു പ്രദേശമാകെ ഖനനംമൂലം നശിക്കുന്ന അവസ്ഥ ഉണ്ടായി. മുക്കുന്നിമലയിലെ വിജിലൻസ് പരിശോധന ഈ തട്ടിപ്പ് വെളിച്ചത്തുകൊണ്ടുവരുവാൻ സഹായിച്ചെങ്കിലും സ്വാഭാവികമായും തുടർനടപടികൾ ഒന്നും ഉണ്ടായില്ല.

2012-ലെ സുപ്രീംകോടതി ഉത്തരവ് കർശനമായി നടപ്പിലാക്കുന്നതിനുപകരം, സർക്കാർ, ക്വാറിയിങ്ങിന് പരിസ്ഥിതി അനുമതിയില്ലാതെ പുതിയ പെർമിറ്റുകൾ നൽകുന്നതും പഴയവ പുതുക്കി നൽകുന്നതും നിർബാധം തുടർന്നപ്പോൾ 2014-ൽ ഇതിനെതിരെ ഹൈക്കോടതിയിൽ പൊതു താത്പര്യഹർജികളും സ്വകാര്യ അന്യായങ്ങളും വരുകയും മാർച്ച് 2015-ൽ കോടതി സംസ്ഥാനത്ത് എല്ലാത്തരം ഖനനത്തിനും അനുമതി നൽകുന്നതിന് മുമ്പായി സുപ്രീംകോടതി വിധി അനുസരിച്ചുള്ള പരിസ്ഥിതി അനുമതി നിർബന്ധമാണെന്ന് വ്യക്തമാക്കി, (WP (c) No. 31148 / 2014 Dtd. 23/3/2015). ഈ കോടതി ഉത്തരവ് മറികടക്കുന്നതിന് സംസ്ഥാനസർക്കാർ 1967-ലെ കേരള മൈനർ മിനറൽ കൺസെക്ഷൻ റൂൾസ് (KMMCR) പരിഷ്കരിച്ച് KMMCR 2015 എന്ന പുതിയ നിയമം കൊണ്ടുവന്നു.

പരിഷ്കരിച്ച ഖനനനിയമത്തിൽ, നിയമം പ്രാബല്യത്തിൽ വരുന്ന സമയത്ത് പ്രവർത്തിച്ചിരുന്ന ക്വാറികൾക്ക് ഇ.സി. നേടുന്നതിന് 3 വർഷത്തെ സമയം അനുവദിച്ചു. ഇതിന്റെ മറയിൽ സംസ്ഥാനത്തെ ക്വാറികൾ പാരിസ്ഥിതിക ആഘാത പഠനം നടത്താതെ അവയുടെ പ്രവർത്തനം തുടർന്നപ്പോൾ ഇതിനെതിരെ ഈ ലേഖകന്റെ നേതൃത്വത്തിൽ 'പരിസ്ഥിതി സംരക്ഷണ ജനകീയ സമിതി' എന്ന സംഘടന എറണാകുളം ജില്ലയിലെ പാറക്കടവ് പഞ്ചായത്തിലെ ഇ.സി. ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ ക്വാറികൾക്കുമെതിരെ ഹൈക്കോടതിയിൽ പൊതുതാത്പര്യഹർജി ഫയൽ ചെയ്തു. ക്വാറികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയാൽ നിർമ്മാണ മേഖല സ്തംഭിക്കുമെന്നും, മെട്രോ റെയിൽ പോലുള്ള വൻകിട പദ്ധതികളുടെ നടത്തിപ്പിനും വികസന പ്രവർത്തനങ്ങൾക്കും തടസ്സമാകുമെന്നും ആൾ കേരള ക്രഷർ -ക്വാറി അസോസിയേഷനൊടൊപ്പം സംസ്ഥാന സർക്കാരും കോടതിയിൽ വാദിച്ചു. 2015 സെപ്തംബർ 30ന് കോടതി ഈ കേസിൽ അന്തിമവിധി പ്രസ്താവിച്ചു. ക്വാറി ലോബികളുടെ നിയമവിരുദ്ധ പ്രവർത്തനത്തിന് എല്ലാവിധ പ്രോത്സാഹനവും നല്കുന്ന സംസ്ഥാന സർക്കാരിനെതിരേയുള്ള ഒരു കുറ്റപത്രമാണ് ഹൈക്കോടതി വിധി. വികസനത്തിന്റെ പേരിൽ പരിസ്ഥിതി സംരക്ഷണം ബലി കഴിക്കരുതെന്നും, നിയമങ്ങൾ കാറ്റിൽ പറത്തി പ്രകൃതി വിഭവങ്ങൾ അമിതമായി ചൂഷണം ചെയ്യുന്നതിന് കൂട്ടുനിൽക്കരുതെന്നും കോടതി സർക്കാരിനോട് നിർദ്ദേശിച്ചു. എന്നാൽ ഈ ഉത്തരവിന് പുല്ലുവില കല്പിക്കാതെ കോടതി വിധിയുടെ 6-ാം ദിവസം സംസ്ഥാനത്തെ ഏറ്റവും വലിയ കോടതിയുടെ ഉത്തരവിനും മുകളിലാണ്. ക്രഷർ-ക്വാറി ലോബിയുടെ താത്പര്യസംരക്ഷണമെന്ന് തെളിയിച്ചുകൊണ്ട്, 2012 ഫെബ്രുവരി 27-ലെ സുപ്രീംകോടതി ഉ

ത്തരവിന് മുൻപ് സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന മുഴുവൻ ക്വാറികളെയും പാറഖനനത്തിന് പാരിസ്ഥിതിക അനുമതി വേണമെന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കികൊണ്ട് കേരള ഖനന നിയമത്തിലെ ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ അസാധാരണ ഉത്തരവ് പുറപ്പെടുവിച്ചു. പുതിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 90% ക്വാറികൾക്കും ഇനി പരിസ്ഥിതി അനുമതികളില്ലാതെ അവയുടെ നിയമവിരുദ്ധ ഖനനം നിർബാധം തുടരാൻ കഴിയും. മാത്രവുമല്ല, ക്വാറികൾക്ക് ഒരേ സർവ്വേനമ്പറുകളിൽ 3 പ്രാവശ്യം വരെ പെർമിറ്റ് പുതുക്കി നൽകുന്നതിനും പിന്നീട് ആവശ്യമെങ്കിൽ ദീർഘകാലത്തേയ്ക്ക് ഖനനം ചെയ്യുന്നതിന് 'ക്വാറി ലീസ്' നൽകുന്നതിനും പുതിയ ഉത്തരവ് വ്യവസ്ഥ ചെയ്യുന്നു. യാതൊരു പരിസ്ഥിതി പഠനവും നടത്താതെ, നിയന്ത്രണമൊന്നുമില്ലാതെ, ദീർഘകാലത്തേയ്ക്ക് ഖനനം ചെയ്യുന്നതിന് അനുമതി നൽകുന്ന ഈ ഉത്തരവ് കേരളത്തിന്റെ പരിസ്ഥിതിയുടെ ഉന്മൂല നാശത്തിന് കാരണമാവുമെന്ന കാര്യത്തിൽ സംശയമില്ല.

ആയിരക്കണക്കിന് ക്രഷർ-ക്വാറി യൂണിറ്റികളും അനുബന്ധ വ്യവസായങ്ങളുമാണ് ഇപ്പോൾ യാതൊരു നിയന്ത്രണവുമില്ലാതെ പശ്ചിമഘട്ടമേഖലയിലും കേരളത്തിന്റെ സമതല പ്രദേശങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മലനിരകൾ വെട്ടിനിരത്തിയും, കുന്നുകൾ ഇടിച്ചുനിരത്തിയും കുടിവെള്ള സ്രോതസ്സുകൾ നശിപ്പിച്ചും മരങ്ങൾ പിഴുതുമാറ്റിയും നടത്തുന്ന അനിയന്ത്രിത പാറ-മണ്ണ് ഖനനം തടയുന്നതിനോ, ഇത് പരിസ്ഥിതിയിലും ആവാസ വ്യവസ്ഥയിലും ഉണ്ടാക്കുന്ന ആഘാതം കണക്കാക്കുന്നതിനോ, പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനോ ഉള്ള യാതൊരു ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. മാത്രമല്ല, നിലവിലുള്ള ഖനനനിയമത്തിലെ നിയന്ത്രണം പൂർണമായും ഇല്ലാതാക്കിയും ചട്ടങ്ങൾ ലഘൂകരിച്ചും പുതിയവ ഉണ്ടാക്കിയും നമുക്കും നമ്മുടെ വരും തലമുറകൾക്കും ഉപയോഗിക്കേണ്ട പരിമിതവും പുന:സൃഷ്ടിക്കാനാവാത്തതുമായ പ്രകൃതി വിഭവങ്ങളെ മൂലധന ശക്തികൾക്ക് തീറെഴുതുന്ന നയമാണ് സർക്കാർ സ്വീകരിക്കുന്നത്.

എല്ലാത്തരം ഖനനത്തിനും മുൻകൂർ പരിസ്ഥിതി അനുമതി ആവശ്യമാണെന്ന 2012-ലെ സുപ്രീംകോടതി ഉത്തരവും തുടർന്നുണ്ടായ സമാനമായ ഹൈക്കോടതി ഉത്തരവുകളും അട്ടിമറിക്കുന്ന തരത്തിൽ ഖനനനിയമത്തിലെ ചട്ടങ്ങൾ ഭേദഗതി ചെയ്ത് പുതിയ ഉത്തരവ് ഇറക്കിയ സംസ്ഥാന സർക്കാർ പരിസ്ഥിതിയുടെ താത്പര്യമല്ല മറിച്ച് പരിസ്ഥിതി തകർക്കുന്നവരുടെ താത്പര്യമാണ് സംരക്ഷിക്കുന്നത്. 5 ഹെക്ടറിൽ താഴെയുള്ള ഖനനത്തിനും പാരസ്ഥിതി അനുമതി നിർബന്ധമാക്കിയ സുപ്രീംകോടതി ഉത്തരവും തുടർന്നുണ്ടായ പരിസ്ഥിതി മന്ത്രാലയത്തിന്റെ വിജ്ഞാപനവും പ്രകൃതി സ്നേഹികളും അനധികൃതഖനനത്തിന്റെ ഇരകളായ മനുഷ്യരും വലിയ പ്രതീക്ഷയോടെയാണ് കണ്ടത്. ഖനനാനുമതി നൽകുന്നതിനുമുമ്പായി ഇതുമൂലം പ്രകൃതിയ്ക്കും ആവാസ വ്യവസ്ഥയ്ക്കും ജൈവസമ്പത്തിനുമുണ്ടാകുന്ന പ്രഭാവം പഠനവിധേയമാക്കണമെന്നും, ഭൂജലത്തിന്റെ അളവ് (water table) താഴുന്നതും, ഭൂഗർഭജലത്തിന്റെ പ്രവാഹത്തിന് തടസം നേരിടുന്നതും, കാലാവസ്ഥ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്കുള്ള സാദ്ധ്യതകൾ എന്നിവ പരിശോധിക്കണമെന്നും EIA നോട്ടിഫിക്കേഷൻ വ്യവസ്ഥ ചെയ്യുന്നു. ഖനനാനുമതി നൽകുന്നത് റോഡ്, ജലസ്രോതസുകൾ, റെയിൽ, അണക്കെട്ടുകൾ, പൊതുസ്ഥാപനങ്ങൾ, കെട്ടിടങ്ങൾ മുതലായവയ്ക്കുണ്ടാകാനിടയുള്ള കേടുപാടുകൾ പരിഗണിച്ചുവേണമെന്നും വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കി പാരസ്ഥിതി ആഘാത പഠനം പാറഖനനത്തിന് നിർബന്ധമാക്കി കേരളത്തിന്റെ അവശേഷിക്കുന്ന പ്രകൃതിവിഭവങ്ങളും ഈ നാടിന്റെ സൗന്ദര്യവും, ജൈവസമ്പത്തും, ജലസമ്പത്തും സംരക്ഷിക്കാനുള്ള അവസരമാണ് സർക്കാർ പുതുക്കിയ ഖനന നിയമത്തിലൂടെ അട്ടിമറിച്ചത്. യാതൊരു തത്വ

പുതിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 90% ക്വാറികൾക്കും ഇനി പരിസ്ഥിതി അനുമതികളില്ലാതെ അവയുടെ നിയമവിരുദ്ധ ഖനനം നിർബാധം തുടരാൻ കഴിയും. മാത്രവുമല്ല, ക്വാറികൾക്ക് ഒരേ സർവ്വേനമ്പറുകളിൽ 3 പ്രാവശ്യം വരെ പെർമിറ്റ് പുതുക്കി നൽകുന്നതിനും പിന്നീട് ആവശ്യമെങ്കിൽ ദീർഘകാലത്തേയ്ക്ക് ഖനനം ചെയ്യുന്നതിന് 'ക്വാറി ലീസ്' നൽകുന്നതിനും പുതിയ ഉത്തരവ് വ്യവസ്ഥ ചെയ്യുന്നു.

ദീക്ഷയുമില്ലാതെ നിയമങ്ങളും ചട്ടങ്ങളും കാറ്റിൽ പറത്തിക്കൊണ്ട് ലാഭം മാത്രം ലാക്കാക്കികൊണ്ട് നടത്തപ്പെടുന്ന ഖനന പ്രവർത്തനങ്ങൾ നമ്മുടെ നാടിന്റെ പരിസ്ഥിതിയ്ക്ക് അപരിഹാര്യമായ നാശം വരുത്തുന്നത് കണ്ടില്ലെന്ന് നടിക്കുകയാണ് സർക്കാർ. കാലാവസ്ഥ വ്യതിയാനവും, വർഷംതോറും വർദ്ധിച്ചുവരുന്ന അന്തരീക്ഷോഷ്മാവും, കാലം തെറ്റിയുള്ള മഴയും തന്മൂലമുണ്ടാകുന്ന കുടിവെള്ള ക്ഷാമവും, കൃഷിനാശവുമെല്ലാം വ്യാപകമായ ഖനനപ്രവർത്തനങ്ങളുമായി ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. പാറഖനനത്തിനുവേണ്ടി അനുവദനീയമായതിലും ആഴത്തിൽ കുഴിച്ച് ഭൂഗർഭജലം പമ്പ് ചെയ്ത് നീക്കുന്നതുമൂലവും, പാറ പൊട്ടിക്കുമ്പോഴുണ്ടാകുന്ന പ്രകമ്പനംമൂലം ഉപരിതലത്തിലെ മണ്ണിന്റെ ഉറപ്പ് നഷ്ടപ്പെട്ട് ഭൂജലം ഭൂമിയുടെ അടിതട്ടിലേയ്ക്ക് കിനിഞ്ഞിറങ്ങുന്നതുമൂലവും, പാറയിടുക്കിലെ നീരുറവകളും, ഉപരിതലത്തിലെ ജലസ്രോതസ്സുകളും നിഷ്കരുണം നശിപ്പിക്കപ്പെടുന്നതുകൊണ്ടും ആണ് പാറമടയ്ക്ക് സമീപമുള്ള പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. സംസ്ഥാനത്തെ മിക്കവാറും ജില്ലകളിലും വണ്ടികളിൽ കുടിവെള്ളമെത്തിക്കേണ്ട ഇന്നത്തെ അവസ്ഥ ഒരു പതിറ്റാണ്ടു മുമ്പ് നമുക്ക് ചിന്തിക്കാൻപോലും കഴിയുമായിരുന്നില്ല. അതുകൊണ്ടാണ് ശാസ്ത്രീയമായ പഠനത്തിനുശേഷം മാത്രമേ പാറഖനനത്തിന് അനുമതി നൽകാവൂ എന്നു പറയുന്നത്.

അശാസ്ത്രീയമായി പാറപ്പൊട്ടിക്കുന്നതും മണ്ണെടുക്കുന്നതുമാണ് നമ്മുടെ നാട്ടിൽ വർഷക്കാലത്തുണ്ടാവുന്ന മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും പ്രധാന കാരണം. പെരുമ്പാവൂരിനടുത്തുള്ള വെങ്ങോലയിൽ അംഗീകാരമില്ലാത്ത ക്വാറിയിൽ നൂറുകണക്കിന് താഴ്ചയിലേക്ക് പാറമടയിടിഞ്ഞുവീണ് 4 പേർ ദാരുണമായി കൊല്ലപ്പെട്ട സംഭവം ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്. ഈ ക്വാറിയ്ക്ക് പരിസ്ഥിതി അനുമതി ഉണ്ടായിരുന്നില്ലയെന്ന കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ? പരിസ്ഥിതി അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ആയിരക്കണത്തിന് ലൈസൻസുള്ള ക്വാറികളിലും അതിന്റെ 3 ഇരട്ടി അംഗീകാരമില്ലാത്ത ക്വാറികളിലും പാറഖനനം നടത്തുന്നത് അശാസ്ത്രീയമായും ചട്ടങ്ങൾ പാലിക്കാതെയുമാണ്. കേന്ദ്ര-വനം-പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിന്റെ കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റി നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ ഒന്നുംതന്നെ സംസ്ഥാനത്തെ പാറമടകളിൽ പാലിക്കപ്പെടുന്നില്ല. ഇതനുസരിച്ച് ആറുമീറ്റർ നീളമുള്ള തട്ടുകളായി ബെഞ്ചിട്ടുവേണം പാറപൊട്ടിക്കുവാൻ. പാറഖനനത്തിന് മൈനിങ് പ്ലാൻ നിർബന്ധമാണ്. ഖനനത്തിന് ശേഷം ഭൂമി പൂർവ്വസ്ഥിതിയിലാകേണ്ടതുണ്ട്. ഇതൊന്നും പാലിക്കപ്പെടുന്നില്ല. ഖനനം ചെയ്ത് ഉപേക്ഷിച്ച നൂറുകണക്കിന് അടി താഴ്ചയുള്ള ആയിരക്കണക്കിന് ക്വാറികൾ സംസ്ഥാനത്തിന്റെ പലഭാഗത്തായി സ്ഥിതിചെയ്യുന്നു. പലപ്പോഴും പാറപൊട്ടിക്കാൻ അനുവാദം നൽകുന്ന സ്ഥലത്തിന് പുറമെ സമീപ പ്രദേശങ്ങളെല്ലാം കയ്യേറി ഏക്കറുകണക്കിന് സ്ഥലത്ത് ഖനനം ചെയ്ത് അമിത ലാഭം കൊയ്യുന്ന രീതിയാണ് സംസ്ഥാനത്ത് വ്യാപകമായി കാണുന്നത്. കാൽസെന്റ് പുറമ്പോക്കിൽ കുടിൽ കെട്ടിയോ കൃഷിചെയ്തോ കഴിയുന്നവനെ ഒഴിപ്പിക്കാൻ കർശന നിയമമുള്ള ഈ നാട്ടിൽ ഏക്കറുകണക്കിന് സർക്കാർ ഭൂമിയും, റവന്യൂപുറമ്പോക്കും, സ്വകാര്യഭൂമിയും കൈയേറി അനധികൃത പാറഖനനം ചെയ്ത് കോടികൾ തട്ടുന്ന വൻകിടക്കാരെ ശിക്ഷിക്കാൻ നിയമമില്ല. പെർമിറ്റുള്ള സർവ്വേനമ്പറുകൾക്കു പുറമേ പെർമിറ്റില്ലാത്തവയിലും അനുവദനീയമായതിൽ കൂടുതൽ അളവിൽ ഖനനം ചെയ്യുന്നതുമൂലം ക്വാറിയുടമയ്ക്ക് വൻലാഭം ലഭിക്കുമ്പോൾ സർക്കാരിന് റോയൽറ്റിയും ടാക്സുമായി കോടികളാണ് നഷ്ടമാകുന്നത്. മൈനിങ് സ്കാമിനെക്കുറിച്ച് അന്വേഷിച്ച് ജസ്റ്റിസ് ഷാ കമ്മീഷൻ മുപ്പത്തയ്യായിരം കോടിയുടെ നഷ്ടം പൊതുഖജനാവിനുണ്ടായെന്ന് കണ്ടെത്തിയെങ്കിൽ, സംസ്ഥാന ഖജനാവിന് അതിൽക്കൂടുതൽ നഷ്ടം ഇവിടെ നടക്കുന്ന അനധികൃത ഖനനംമൂലം ഉണ്ടായിട്ടുണ്ടെന്ന് അന്വേഷിച്ചാൽ കണ്ടെത്താൻ കഴിയും. കാരണം സോളാർ അഴിമതിയുമായി ബന്ധപ്പെട്ട് പുറത്ത് വന്ന വിവരമനുസരിച്ച് ശ്രീധരൻ നായർ എന്ന ഒരു ക്വാറിയുടമ മാത്രം കോടികളാണ് സർക്കാരിന് നഷ്ടമുണ്ടാക്കിയത്.

സംസ്ഥാനത്ത് നടക്കുന്ന പാറഖനനം, ക്രഷർ, എംസാന്റ് എന്നിവയിലൂടെ വർഷംതോറും ഏകദേശം ഒരു ലക്ഷം കോടി രൂപയുടെ വ്യവസായം നടക്കുമ്പോൾ സർക്കാരിന് റോയൽട്ടിയായും ടാക്സ് ഇനത്തിലും ലഭിക്കുന്നത് 200 കോടി രൂപയിൽ താഴെ മാത്രം. ഖനന വ്യവസായവുമായി ബന്ധപ്പെട്ട് നടക്കുന്ന അഴിമതികളെക്കുറിച്ച് അന്വേഷിക്കാൻ ഇടതു-വലതു രാഷ്ട്രീയപാർട്ടികൾ നേതൃത്വം കൊടുക്കുന്ന സർക്കാരുകൾ തയ്യാറാവാത്തതിന്റെ കാരണം ഇതിന്റെ വിഹിതം രാഷ്ട്രീയ മേലാള

ന്മാർക്കും ജനപ്രതിനിധികൾക്കും കൃത്യമായി ലഭിക്കുന്നതുകൊണ്ടാണ്. ഖനനത്തിലെ അഴിമതിക്കും നിയമവിരുദ്ധ പ്രവർത്തനങ്ങളും തടയേണ്ട സർക്കാർ ഏജൻസികളായ പി.സി.ബി.യും മൈനിങ് ആന്റ് ജിയോളജി, റവന്യൂ ഡിപ്പാർട്ടുമന്റുകളും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും, പോലീസും ഖനനമാഫിയകൾ വിലയ്ക്കെടുത്തിരിക്കുന്നു എന്നുവേണം കരുതാൻ. നിലവിലുള്ള ഖനനനിയമത്തിൽ ഭേദഗതികൊണ്ടുവന്ന് ക്വാറി മുതലാളിമാർക്ക് അനുകൂലമായി ഉത്തരവിറക്കിയ സർക്കാർ നടപടി ജനവിരുദ്ധവും കോടതി ഉത്തരവുകളോടുള്ള വെല്ലുവിളിയുമാണ്. പാറഖനനത്തിന് പരിസ്ഥിതി അനുമതി നിർബന്ധമാക്കിയ 2012-ലെ സുപ്രീംകോടതി ഉത്തരവിന് മുൻപ് പെർമിറ്റ് ലഭിച്ച ക്വാറികൾക്കും പിന്നീട് അത് പുതുക്കുന്നതിന് പരിസ്ഥിതി ആഘാത പഠനം നിർബന്ധമാക്കുന്ന കേരള ഖനനനിയമം 2015-ലെ 12-ാം നമ്പർ റൂൾ ഭേദഗതി ചെയ്തുകൊണ്ട് പരിസ്ഥിതി അനുമതിയില്ലാതെ അവയുടെ പ്രവർത്തനം നിർബാധം തുടരാനനുവദിക്കുന്ന സർക്കാർ ഉത്തരവ് അടിയന്തിരമായി റദ്ദ് ചെയ്യണം. ക്വാറി മുതലാളിമാരുടെ ലാഭം വർദ്ധിപ്പിക്കാൻ വേണ്ടി നിയമവിരുദ്ധമായ ഉത്തരവുകൾ ഇറക്കുന്ന സംസ്ഥാന സർക്കാരിന്റെ ജനവിരുദ്ധ നടപടികൾക്കെതിരെ ഒറ്റക്കെട്ടായി രംഗത്തുവരേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

അധികാരത്തിലേറിയതു മുതൽ മൂലധന ശക്തികളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്ന നിലപാടും നടപടികളുമാണ് കേന്ദ്രസർക്കാരും സ്വീകരിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന ഭൂമി ഏറ്റെടുക്കൽ നിയമം റദ്ദ് ചെയ്ത് പുതിയത് കൊണ്ടുവരുവാൻ നടത്തിയ നീക്കവും, പരിസ്ഥിതി സംരക്ഷണ നിയമങ്ങളിൽ വെള്ളം ചേർക്കാൻ നടത്തുന്ന ശ്രമങ്ങളും, ഹരിത കോടതികളുടെ അധികാരങ്ങൾ വെട്ടിക്കുറക്കുവാൻ എടുത്തിട്ടുള്ള തീരുമാനവും, ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ അട്ടിമറിക്കാനുള്ള കേരള സർക്കാരിന്റെ ശ്രമങ്ങൾക്ക് പച്ചക്കൊടി കാട്ടിയതും ഏറ്റവും ഒടുവിലായി 2006-ലെ EIA നോട്ടിഫിക്കേഷനിൽ വെള്ളം ചേർത്തുകൊണ്ട് ഖനനത്തിന് പാരിസ്ഥിതിക അനുമതി എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുവേണ്ടി ജില്ലാതലത്തിൽ കമ്മറ്റികൾ രൂപീകരിക്കാനുള്ള കേന്ദ്രസർക്കാരിന്റെ കരട് വിജ്ഞാപനവും ഇതിന് ഉദാഹരണങ്ങളാണ്. സെപ്റ്റംബർ മാസത്തിൽ കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥ വ്യതിയാന മന്ത്രാലയം (MoEFCC) പുറപ്പെടുവിച്ച ഈ കരടുവിജ്ഞാപനം നിയമമാകുന്നതോടുകൂടി ഖനനത്തിന് പരിസ്ഥിതി അനുമതി നേടുകയെന്നത് കടയിൽനിന്ന് സാധനങ്ങൾ വാങ്ങുന്നതിലും എളുപ്പത്തിൽ സാധിക്കുന്ന പ്രക്രിയയായി മാറും. നേരത്തേ യു.പി.എ സർക്കാരിന്റെ കാലത്ത് ഇറക്കിയ EIA Notification-ലെ കർശന വ്യവസ്ഥകൾ പലതും ഒഴിവാക്കിയും, പരിസ്ഥിതി അനുമതി നേടുന്നതിലെ നടപടിക്രമങ്ങൾ ലളിതമാക്കിയും, കാലതാമസം കുറച്ചുമാണ്, പുതിയ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. പാരസ്ഥിതി അനുമതി നൽകുന്നതിനായി നിയുക്തമായിട്ടുള്ള District Environment Impact Assessment Authority (DEIAA)യിലേയും, District Expert Appraisal Committee (DEAC)യിലേയും അംഗങ്ങൾക്ക് പാരസ്ഥിതി ആഘാതപഠനം നടത്തുന്നതിനുള്ള യോഗ്യതയില്ല എന്നതാണ് ഏറ്റവും ഗുരുതരമായ പ്രശ്നം. മാത്രവുമല്ല ബിരുദം മാത്രം അടിസ്ഥാനയോഗ്യത നിഷ്കർഷിച്ചിട്ടുള്ള ഇവരെല്ലാം തന്നെ സർക്കാർ നോമിനികളുമാണ്. ഖനനപദ്ധതികൾക്ക് അനുമതി നൽകുന്നതിനുവേണ്ടിയുള്ള പരിസ്ഥിതി ആഘാതപഠനം പോലുള്ള ഗൗരവമുള്ള വിഷയത്തിൽ കേന്ദ്രസർക്കാർ പുലർത്തുന്ന അലംഭാവം ഒന്നുകൂടി വ്യക്തമാക്കുന്നതാണ് പഠനം നടത്തുന്നതിനായുള്ള കമ്മിറ്റികളിലെന്നും പരിസ്ഥിതി ശാസ്ത്രജ്ഞരോ, പരിസ്ഥിതി നിയമത്തിൽ അവഗാഹമുള്ളവരോ, സാമൂഹ്യ പ്രതിപത്തിയുള്ള സാമൂഹ്യ പ്രവർത്തകരോ, പരിസ്ഥിതി സ്നേഹികളോ ഇല്ലയെന്നുള്ള കാര്യം. പാറമട മുതലാളിക്ക് തനിക്കിഷ്ടമുള്ള ഏത് ഏജൻസിയെക്കൊണ്ടുവേണമെങ്കിലും പരിസ്ഥിതി ആഘാത പഠനം നടത്തിക്കാമെന്നുള്ള വ്യവസ്ഥയാണ് ഏറ്റവും അപകടകരവുമായ കാര്യം. അതായത് പാറമടമുതലാളിയേതന്നെ പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിന്റെ ഉത്തരവാദിത്വം ഏൽപ്പിച്ചിരിക്കുന്നുവെന്നർത്ഥം. കോഴിയെ നോക്കാൻ കുറുക്കനെ ഏൽപ്പിച്ചതുപോലെ! മൂലധന ശക്തികൾ പരിസ്ഥിതിയിൽ ഏൽപ്പിക്കുന്ന ഗുരുതരമായ പ്രത്യാഘാതങ്ങൾ അവർതന്നെ പഠിച്ച് മനസ്സിലാക്കി പരിഹാരം കണ്ടെത്തട്ടെ. ഖനനത്തിനുമുമ്പായുള്ള ആഘാതപഠനത്തിനുള്ള പുതുക്കിയ കരടുവിജ്ഞാപനം ക്വാറി മുതലാളിമാർക്കും, മണൽപ്ലാന്റ് ഉടമകൾക്കും, ക്രഷർ വ്യവസായികൾക്കു വേണ്ടിയാണ് കേന്ദ്രസർക്കാർ ഇറിക്കിയിട്ടുള്ളതെന്ന് ഇത് വായിക്കുന്ന എല്ലാവർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ പൊതുജനങ്ങളുടെ അഭിപ്രായ

ത്തിനായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഇതിനെതിരെ എല്ലാ പരിസ്ഥിതി സ്നേഹികളും പരാതികൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. വായു, ജലം, കല്ല്, മണ്ണ്, മണൽ എന്നിവ എല്ലാവരുടെയും ജന്മാവകാശമാണ്. ഇവ അമിതമായി ചൂഷണം ചെയ്ത് ഇല്ലാതാക്കുകയും, മലിനമാക്കി നശിപ്പിക്കുകയും ചെയ്യുന്നത് തടയുന്നതിന് നമുക്ക് ലഭിച്ച അവസാന പിടിവള്ളിയാണ് സെപ്റ്റംബർ 2012-ലെ സുപ്രീംകോടതിയുടെ എല്ലാത്തരം ഖനനപ്രവർത്തനങ്ങൾക്കും പരിസ്ഥിതി ആഘാത പഠനം നിർബന്ധമാക്കിക്കൊണ്ടുള്ള ചരിത്രപ്രാധാന്യമുള്ള വിധി. ചെറുകിട ധാതുക്കളുടെ ഖനനത്തിനും പരിസ്ഥിതി അനുമതി നിർബന്ധമാക്കുന്നതിനു പുറമെ, മൈനിങ് പ്ലാൻ വേണമെന്ന നിബന്ധനയും, ഭൂജല നിരപ്പിന് (below ground water table) താഴെ ഖനനം ചെയ്യുന്നതിന് ഭൂജല പരിശോധന രേഖയും (hydrocycolgoycal reports) വേണമെന്നും വിധി നിഷ്കർഷിക്കുന്നു. ഈ സുപ്രീംകോടതി വിധിയുടെ അന്തസത്ത തന്നെ തകർക്കുന്നതാണ് കേന്ദ്രസർക്കാറിന്റെ പുതിയ കരട് വിജ്ഞാപനം. ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കികൊണ്ടും പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണം തടഞ്ഞുകൊണ്ടും ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിലും നിയമങ്ങൾ പാലിച്ചുകൊണ്ടും മാത്രമാണ് ഖനനം നടക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ട ചുമതല സർക്കാരിനുണ്ട്. കാരണം ഭരണഘടനയുടെ ആർട്ടിക്കിൾ 48 വകുപ്പ് A പ്രകാരം പ്രകൃതി സംരക്ഷണം സ്റ്റേറ്റിന്റെ ബാധ്യതയും ഉത്തരവാദിത്വവുമാണ്. ഖനനപദ്ധതികൾക്കുമുമ്പായി പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിനുള്ള ചുമതല ക്വാറി മുതലാളിമാരേയും, സ്വകാര്യ ഏജൻസികളേയും ഏൽപ്പിക്കുമ്പോൾ സ്റ്റേറ്റ് അതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറി പ്രകൃതിയെ സംരക്ഷിയ്ക്കാനും പൗരന്മാരുടെയും അവരുടെ വരും തലമുറയുടെയും ജീവിതം സുരക്ഷിതമാക്കാനുള്ള പരമപ്രധാനമായ ബാധ്യത നിറവേറ്റാൻ തയ്യാറാവുന്നില്ല എന്നർത്ഥം.




ഫോട്ടോ: വിഷ്ണു

2006-ലെ EIA നോട്ടിഫിക്കേഷനിൽ പരിസ്ഥിതി ആഘാതപഠം നടത്തുവാൻ SEIA (State Envirnonmental Impact Assessment Authority) യെയാണ് ചുമതലപ്പെടുത്തിയിരുന്നത്. പുതുക്കിയ കരട് വിജ്ഞാപനത്തിൽ ഇതിന് DEIAA (District Environment Impact Assessment Authority)യെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. DEIAA യിൽ ഉൾപ്പെടുത്തിയിട്ടുള്ള 4 അംഗങ്ങളിൽ ജില്ലാകളക്ടർ, ജില്ലാ ജിയോളജിസ്റ്റ്, ജില്ലാ ഫോറസ്റ്റ് ഓഫീസർ എന്നിവർക്കു പുറമെ ഒരു വിദഗ്ധൻ മാത്രമാണുള്ളത്, ഇത് സംസ്ഥാന സർക്കാർ നോമിനേറ്റ് ചെയ്യുന്ന അംഗമാണു താനും. 2012-ലെ സുപ്രീംകോടതി ഉത്തരവിന് മുമ്പ് പ്രവർത്തിച്ചിരുന്ന ക്വാറികളെ (സംസ്ഥാനത്തെ 90% ക്വാറികളും ഈ കാറ്റഗറിയിൽ പെടുന്നവയാണ്) പരിസ്ഥിതി ആഘാത പഠനത്തിൽനിന്നൊഴിവാക്കിക്കൊണ്ട് ഉത്തരവിറക്കിയ നടപടിയിലൂടെ സംസ്ഥാന സർക്കാർ ആരുടെ താത്പര്യമാണ് സംരക്ഷിക്കുന്നതെന്ന് വ്യക്തമാണ്. അതുകൊണ്ടുതന്നെ സർക്കാർ നോമിനേറ്റ് ചെയ്യുന്ന DEIAA യിലെ അംഗത്തിന്റെ യോഗ്യത ഊഹിക്കാവുന്നതേയുള്ളൂ. പരിസ്ഥിതി അനുമതിയ്ക്കുവേണ്ടിയുള്ള ഖനന ഉടമയുടെ അപേക്ഷ പരിശോധിക്കാനും ഇത് സംബന്ധിച്ച് DEIAA യ്ക്ക് ശുപാർശ നൽ

കുന്നതിനും വേണ്ടിയാണ് District Expert Appraisal Committee (DEAC) രൂപീകരിച്ചിട്ടുള്ളത്. ഖനനപദ്ധതിയും പരിസ്ഥിതി ആഘാതപഠന റിപ്പോർട്ടും പരിശോധിച്ച് DEIAA യ്ക്ക് വിദഗ്ദ്ധ ഉപദേശം നൽകേണ്ട ഈ കമ്മറ്റിയിലെ രണ്ട് എക്സ്പേർട്ട് മെമ്പർമാരുടെയും അടിസ്ഥാനയോഗ്യത ബിരുദമാണ്. മാത്രവുമല്ല ഇവരും നോമിനേറ്റ് ചെയ്യപ്പെടുന്ന അംഗങ്ങളാണ്. ചുരുക്കി പറഞ്ഞാൽ ഉയർന്ന യോഗ്യതയുടെ മാനദണ്ഡത്തിൽ ആർക്കും തന്നെ ഈ ഉന്നത കമ്മറ്റികളിൽ നിയമനം ലഭിയ്ക്കുന്നില്ലെന്നർത്ഥം. അതുകൊണ്ടുതന്നെ പരിസ്ഥിതി വിഷയത്തിലുള്ള ഇവരുടെ അറിവും അനുഭവും ഊഹിക്കാവുന്നതേയുള്ളു. അത്ഭുതകരമായ ഒരു കാര്യം പരിസ്ഥിതി മന്ത്രാലയത്തിന്റെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഖനനത്തിന് പരിസ്ഥിതി അനുമതി നൽകുന്നതിന് രൂപീകൃതമാകുന്ന ഈ കമ്മിറ്റികളിലൊന്നും തന്നെ പരിസ്ഥിതി വകുപ്പിനെ പ്രതിനിധികരിച്ച് ആരുംതന്നെയില്ല എന്നുള്ള വസ്തുതയാണ്. പരിസ്ഥിതി അനുമതി നൽകുന്നതിന് public hearing (പൊതുജനങ്ങളുടെ പരാതി) നടത്തേണ്ടതില്ലയെന്ന വ്യവസ്ഥ ഗുരുതരമായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും.

ഏറ്റവും രസകരമായ കാര്യം, നേരത്തേ സൂചിപ്പിച്ചതുപോലെ പാരസ്ഥിതി ആഘാതപഠനം നടത്തേണ്ടതും, റിപ്പോർട്ട് തയ്യാറാക്കേണ്ടതും ക്വാറി ഉടമയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഏതെങ്കിലും ഏജൻസിയേ ആണ് എന്നുള്ളതാണ്. ക്വാറി മുതലാളി ഹാജരാക്കുന്ന റിപ്പോർട്ടിൽ സീൽവെച്ച് പരിസ്ഥിതി അനുമതി നൽകുന്ന ജോലി മാത്രമാണ് DEIAA യ്ക്കും DEAC യക്കും ഉള്ളത്! എത്ര ലളിതവും സുതാര്യവുമാണ് കാര്യങ്ങൾ! പ്രോജക്ട് പ്രൊപ്പോസൽ കിട്ടി 15 ദിവസത്തിനകം അനുമതി നൽകണമെന്നും വ്യവസ്ഥ ചെയ്യുന്നു. അതിവേഗം ബഹദൂരം! E C യിലെ നിബന്ധനകളും EMP (Environment Management plan) യും അനുസരിച്ചാണ് ഖനനപ്രവർത്തനങ്ങൾ നടക്കുന്നതെന്ന് ഉറപ്പാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് പി. സി.ബിയിലേയും മൈനിങ് ആന്റ് ജിയോളജി വകുപ്പിലേയും ഉദ്യോഗസ്ഥരേയുമാണ്. ഇവരുടെ സംശുദ്ധിയും സാമൂഹ്യ പ്രതിബദ്ധതയും എല്ലാവർക്കും അറിവുള്ളതാണല്ലോ.

2012 ഫെബ്രുവരി 26-നു മുമ്പ് പ്രവർത്തനം ആരംഭിച്ച ഖനനയൂണിറ്റുകളെ പരിസ്ഥിതി ആഘാതപഠനത്തിൽ നിന്നൊഴിവാക്കികൊണ്ടുള്ള കേരളസർക്കാർ ഉത്തരവ് നടപ്പിലാവുന്നതും പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിന് ജില്ലാതല സമിതികൾ രൂപീകരിച്ച കേന്ദ്രസർക്കാർ കരട് വിജ്ഞാപനം നിയമമാവുന്നതും കേരളത്തിന്റെ പരിസ്ഥിതി-സാമൂഹ്യമേഖലകളിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിയ്ക്കും. പരിസ്ഥിതി നിയമങ്ങളുടെ അന്തഃസത്ത ഉൾക്കൊള്ളാതെയുള്ള ഈ ഭരണകൂട നടപടികൾ അടിയന്തിരമായി പിൻവലിക്കേണ്ടതാണ്. പരിസ്ഥിതി വിഭവങ്ങളുടെ വിവേകപൂർവ്വകവും, നീതിപൂർവ്വകവുമായ വിനിയോഗമാണ് എല്ലാ പരിസ്ഥിതി നിയമങ്ങളുടെയും അന്തഃസത്ത എന്ന സത്യം മറന്നുകൊണ്ട് പ്രകൃതിയും, ആവാസ വ്യവസ്ഥയും ജൈവസമ്പത്തും സംരക്ഷിക്കേണ്ടവർ തന്നെ അത് നശിപ്പിക്കുന്നതിന് കൂട്ടുനിൽക്കുമ്പോൾ, വേലിതന്നെ വിളവ് തിന്നുന്ന അവസ്ഥ സംജാതമാക്കുമ്പോൾ ഇതിനെതിരെ പ്രതികരിക്കേണ്ട ഉത്തരവാദിത്വം ഓരോ പൗരനുമുണ്ട്. കാരണം പരിസ്ഥിതി സംരക്ഷണമെന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 51 A അനുസരിച്ച് രാജ്യത്തെ ഓരോ പൗരന്റേയും മൗലികമായ കടമയാണ്. ■


## അക്ഷയശ്രീ അവാർഡ് 2015

സരോജിനി-ദാമോദർ ഫൗണ്ടേഷൻ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള ഏഴാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷ ക്ഷണിച്ചു. 2015 ഡിസംബർ 20ന് മുമ്പായി അപേക്ഷ ലഭിക്കണം. മൂന്ന് വർഷത്തിന് മേൽ പൂർണ്ണമായും ജൈവ ഭക്ഷണ കൃഷി ചെയ്യുന്ന കൃഷിക്കാരെയാണ് പരിഗണിക്കുന്നത്.

**വിലാസം: കെ.വി. ദയാൽ, ശ്രീകോവിൽ, മുഹമ്മ പി.ഒ, ആലപ്പുഴ-688525. ഫോൺ: 9447114526**

## ഡോക്യുമെന്ററി സിനിമകൾക്ക്...

**അട്ടപ്പാടിയിലെ ആദിവാസി പ്രശ്നം:**

**റെഡ് ഡാറ്റാ ബുക്ക്**

സമയം: 75 മിനിട്ട്/ മലയാളം.
സംവിധാനം: ശ്രീമിത്ത്

**ചൈനയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ ചരിത്രം**

**വേക്കിംഗ് ദ ഗ്രീൻ ടൈഗർ**

സമയം: ഒരു മണിക്കൂർ 18 മിനിട്ട്/ ഇംഗ്ലീഷ്.
സംവിധാനം: ഗാരി മാർകേസ്

**കോപ്പികൾക്ക്:**
**കേരളീയം, കൊക്കാലെ, തൃശൂർ - 680021.**
**ഫോൺ: 04872421385**